## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3637

30.01-2014-ലെ മറുപടിയ്ക്ക്

# പാമൊലിൻ അഴിമതി കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പി. റ്റി. എ. റഹീം | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസുംവകുപ്പ് മന്ത്രി |
| എ) പാമൊലിൻ അഴിമതി കേസ് പിൻവലിക്കാൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ടോ ; ഇതിനായി കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടാ യോ ; | എ) ഉണ്ട്. ഇതിനായി കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.. |
| ബി) നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാ ട്ടിയ, പാമൊലിൻ ഇറക്കുമതി ഇടപാടിലെ ക്രമക്കേടുകൾ എന്തെല്ലാമായിരുന്നു ; | ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത ഇടപാട് നടക്കുന്ന അവസരത്തിലെ മുഖ്യമന്ത്രിയും ധനമന്ത്രിയും ആരൊക്കെയായി രുന്നു ; | സി) ശ്രീ.കെ.കരുണാകരൻ മുഖ്യമന്ത്രിയും ശ്രീ.ഉമ്മൻചാണ്ടി ധനകാര്യ വകുപ്പ് മന്ത്രിയുമായിരുന്നു. |

| | | | |
|---|---|---|---|
| ഡി) | കേസിൽ തുടർ അന്വേഷണം നടത്താൻ ഉത്തരവിട്ട തിരുവനന്തപുരത്തെ വിജിലൻസ് കോടതി ജഡ്ജി പിന്നീട് സ്വയം ഒഴിവാകാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; സുപ്രീംകോടതിയും, ഹൈക്കോടതിയും ഈ കേസിന്റെ വിചാരണ തുടരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. ഒഴിവാകാനുണ്ടായ സാഹചര്യം എന്താണെന്നുള്ള വിവരം ലഭ്യമല്ല. സുപ്രീം കോടതിയും ഹൈക്കോടതിയും ഈ കേസിന്റെ തുടർനടപടികൾ തുടരണമെന്നാണ് അഭിപ്രായപ്പെട്ടത്. |
| ഇ) | അന്ന് ധനമന്ത്രിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് ഈ കേസിൽ പങ്കില്ലെന്ന അന്വേഷണ റിപ്പോർട്ട് കോടതിയ്ക്ക് നൽകിയ അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; അവർ മുഖ്യമന്ത്രിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ ; | ഇ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് ശ്രീ.വി.എൻ.ശശിധരൻ ആണ്. ടിയാൻ ഇപ്പോൾ ആഭ്യന്തര - വിജിലൻസ് വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. |
| എഫ്) | കേസ് ആകെ തന്നെ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ ? | എഫ്) | പാമോലിൻ ഇറക്കുമതിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ കേന്ദ്ര വിജിലൻസ് കമ്മീഷൻ വിശദമായി പരിശോധിക്കുകയും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ മന്ത്രിസഭാ തീരുമാനം നടപ്പിലാക്കുക മാത്രമാണ് ചെയ്തതെന്നും അതു മൂലം സർക്കാരിന് നഷ്ടങ്ങളൊന്നും സംഭവിച്ചിട്ടില്ലായെന്നും ഉദ്യോഗസ്ഥർക്ക് ഗുണമൊന്നും ലഭിച്ചിട്ടില്ലായെന്നും ഇവർ മറ്റുള്ളവരുമായി ഗൂഢാലോചന |

നടത്തിയെന്നതിന്
തെളിവില്ലായെന്നും ഇവർക്കെതിരെ
കേസ് നിലനില്ക്കുന്നതല്ലെന്നും
ആയതിനാൽ തുടർനടപടി
അവസാനിപ്പിക്കാമെന്നും കേന്ദ്ര
വിജിലൻസ് കമ്മീഷന്റെ ഉപദേശം
ലഭ്യമായതിന്റെ അടിസ്ഥാനത്തിലും
ഈ കേസിലെ പ്രതികളായ
ശ്രീ.ജിജി തോംസൺ.ഐ.എ.എസ്.,
ശ്രീ.പി..ജെ.തോമസ്. ഐ.എ.എസ്,
എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ
കേന്ദ്ര സർക്കാരിനോട് അനുവാദം
ആവശ്യപ്പെട്ടതിൽ അനുവാദം
നൽകാതിരിക്കുകയും ചെയ്ത
സാഹചര്യത്തിലാണ് കേസ്
പിൻവലിക്കാൻ തീരുമാനമെടുത്തത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**